# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2134: 19/06/2012- ൽ മറുപടിക്ക്**

## വ്യാവസായിക പദ്ധതികൾക്ക് ഓൺലൈൻ ഏകജാലക സംവിധാനം

**ചോദ്യം** **ഉത്തരം**

**ശ്രീ. റ്റി. എൻ. പ്രതാപൻ :**
**ശ്രീ. പാലോട് രവി :**
**ശ്രീ. വി. പി. സജീന്ദ്രൻ :**
**ശ്രീ. പി. സി. വിഷ്ണുനാഥ് :**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പുതിയ വ്യാവസായിക പദ്ധതികൾക്ക് അനുമതി നൽകുന്നതിന് ഓൺലൈൻ ഏകജാലക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | സംസ്ഥാനത്ത് പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും അനുമതികൾ ലഭിക്കുവാൻ നിലവിലുള്ള ഏകജാലക സംവിധാനം മെച്ചപ്പെടുത്താൻ ഓൺലൈൻ സംവിധാനം രൂപകല്പന ചെയ്യുന്നതിന്റെ നിർദ്ദേശങ്ങൾ ജി.ഒ. (ആർറ്റി) നം. 1136/2011/വ്യവ തീയതി 20/09/2011-ൽ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഓൺ ലൈൻ സംവിധാനം വികസിപ്പിച്ചെടുത്തുകൊണ്ടിരിക്കുകയാണ്. |
| (ബി) | ഏത് സ്ഥാപനമാണ് ഈ പദ്ധതിയുടെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത്; | (ബി) | കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനാണ് നോഡൽ ഏജൻസി-യായി പ്രവർത്തിക്കുന്നത്. |
| (സി) | വ്യവസായ സംരംഭകർക്ക് പ്രസ്തുത സംവിധാനം മുഖേന എന്തെല്ലാം പ്രയോജനങ്ങളാണ് ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (സി) | ഒരു പദ്ധതി ആരംഭിക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും, ഏജൻസികളിൽ നിന്നും ലഭിക്കേണ്ട അനുമതികളുടെ അപേക്ഷ ഫോറം |

| | | | |
|---|---|---|---|
| | | | ഓൺലൈൻ സംവിധാനത്തിൽ ലഭ്യമാകുന്നതായിരിക്കും. സംരംഭകർക്ക് ഈ അപേക്ഷകൾ ഓൺലൈൻ ആയി പൂരിപ്പിച്ച് ഓൺലൈൻ ആയി സമർപ്പിക്കാവുന്നതാണ്. സമർപ്പിക്കപ്പെട്ട അപേക്ഷകളുടെ യഥാർത്ഥ വിവരവും, പുരോഗതിയും ഓൺലൈൻ വഴി തന്നെ അറിയാവുന്നതുമാണ്. ഈ സംവിധാനം മൂലം പദ്ധതികൾക്ക് സമയ ദൈർഘ്യമില്ലാതെ അനുമതി ലഭിക്കുന്നതാണ്. |
| **(ഡി)** | വിവധ വകുപ്പുകളിൽ നിന്ന് പദ്ധതി നടത്തിപ്പിനുള്ള അനുമതി ലഭിക്കുന്നത് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഈ രീതിയിൽ സജ്ജീകരിക്കുമോ? | **(ഡി)** | വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും പദ്ധതികൾ ആരംഭിക്കുന്നതിനായി നേടേണ്ട അനുമതികൾ ഓൺലൈൻ സംവിധാനത്തിൽ ലഭ്യമാക്കുക എന്നത് സംവിധാനത്തിന്റെ ഭാഗമാണ്. |

**സെക്ഷൻ ഓഫീസർ**